(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ കടലുണ്ടി ഫിഷറീസ് ബോട്ട്ജെട്ടി നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ നിലവിലത്തെ സ്ഥിതി എന്താണ് ;

(സി) പ്രോജക്ട് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഉണ്ട്. കടലുണ്ടി ഫിഷറീസ് ബോട്ട് ജെട്ടി നിർമ്മാണത്തിനായി 40 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 10916/ബി2/13/മലപ്പുറം തീയതി 27-7-2013 കത്ത് പ്രകാരം NFDB-ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രൊപ്പോസൽ നടപ്പിലാകുന്നത് river mouth-ൽ ആയതിനാൽ NFDB പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്ന് അറിയിക്കുകയുണ്ടായി. ബഹു. എം.എൽ.എ.യുടെ ആസ്തി വികസനഫണ്ടിൽ നിന്നും ബോട്ട് ജെട്ടി നിർമ്മാണത്തിനാവശ്യമായ 40 ലക്ഷം രൂപ വകയിരുത്തുവാൻ തയ്യാറാണ് എന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ

143 (144) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴി വിതരണം ചെയ്യുന്ന സിവിൽ സപ്ലൈസിന്റെ ഭക്ഷ്യധാന്യങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 2010-ന് ശേഷം ഓരോ വർഷവും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) തുക അനുവദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി & സി) തീരമൈത്രി സൂപ്പർ മാർക്കറ്റുകളിലൂടെ മാവേലി ഇനത്തിലുള്ള നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് 2 കോടി രൂപ 2009 വർഷത്തിൽ അനുവദിച്ചിരുന്നു. 2010-ന് ശേഷം തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ സപ്ലൈകോ/ കൺസ്യൂമർ ഫെഡ് പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി 1 കോടി രൂപ ന്യൂ സർവ്വീസ് നടപടിക്രമം അനുസരിച്ച് ഈ സാമ്പത്തികവർഷം വകയിരുത്തുന്നതിന് 9-10-2014 - ൽ അനുമതി നൽകിയിട്ടുണ്ട്.

പുതിയങ്ങാടി ഫിഷിംഗ് ഹാർബർ

144 (145) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(ബി) എത്ര തുക ഇതിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(സി) എന്തൊക്കെ പഠനങ്ങളാണ് ഇവിടെ നടത്തുവാനുള്ളത് ; വിശദാംശം നൽകാമോ ;

(ഡി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ?

ഉത്തരം

(എ) ടോപ്പോഗ്രാഫിക്കൽ സർവ്വേ, ബെഡ് സാമ്പിൾ എന്നിവ ശേഖരിച്ചിട്ടുണ്ട്. ഷോർലൈൻ സർവ്വേ നടന്നുവരുന്നു. ഹാർബറിനുവേണ്ട മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാ പഠനത്തിന്റെ നടപടികൾ ടി ഏജൻസി ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 3659804 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly